**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2522** **17-03-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിലെ സബ് ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി, കോട്ടയ്ക്കൽ സബ് ട്രഷറി എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | വളാഞ്ചേരി സബ് ട്രഷറി നിലവിൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കെട്ടിടത്തിന്റെ ചുവരുകളിൽ വിള്ളലുകൾ വന്നു അപകടാവസ്ഥയിലാണെന്നും അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തിത്തരണമെന്നും മുനിസിപ്പാലിറ്റി അധികൃതരെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ ചെയർമാനും അസിസ്റ്റന്റ് എൻജിനീയറും (ബിൽഡിംഗ്സ്,.LSGD) കെട്ടിടം പരിശോധിക്കുകയും , പ്രസ്തുത ഓഫീസുമായി നടത്തിയ അന്വേഷണത്തിൽ അറ്റകുറ്റപ്പണികൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായും അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. കോട്ടക്കൽ സബ് ട്രഷറി സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. കെട്ടിടം നവീകരിക്കാൻ നടപടി ആരംഭിച്ചിട്ടില്ല. എന്നാൽ ട്രഷറി വകുപ്പ് ISO സർട്ടിഫിക്കേഷൻ ആർജ്ജിക്കുന്നതിന്റെ ഭാഗമായി സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ് ട്രഷറികളുടെ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | വളാഞ്ചേരി സബ് ട്രഷറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം റവന്യു വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു . ഈ നടപടികൾ പൂർത്തിയായശേഷം മാത്രമേ സ്ഥലം ട്രഷറി വകുപ്പിന് കൈമാറി കിട്ടുകയുള്ളൂ. കോട്ടക്കൽ സബ് ട്രഷറിക്ക് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി KASRS, രജിസ്ട്രേഷൻ വകുപ്പ്, കോട്ടക്കൽ മുനിസിപ്പാലിറ്റി അധികൃതർ എന്നിവർക്ക് പല സന്ദർഭങ്ങളിലായി അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | നല്കിയിരുന്നെങ്കിലും നിലവിൽ സ്ഥലം ലഭ്യമല്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ